"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26- ഭവനനിർമ്മാണ (സാങ്കേതിക സെൽ)- 'കേരളത്തിനായി ജി. ഐ. എസ്. അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.28/2025/HSG തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-
1. ഹൗസിംഗ് കമ്മീഷണറുടെ 06.05.2025-ലെ സി/416/2025/എച്ച്. സി. നമ്പർ കത്ത്.
2. 30.05.2024-ൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്തുടനീളം ഭവന പദ്ധതികൾക്കും, പാർപ്പിട ദൗർലഭ്യം പരിഹരിയ്ക്കുന്നതിനും മുൻഗണന നല്കുന്നതിന് ഏജൻസികളെ പിന്തുണയ്ക്കുന്നതിനായി സമഗ്രമായ ഒരു വിവരശേഖരണ സംവിധാനം തയ്യാറാക്കുന്നതിനായി നടപ്പിലാക്കുന്ന 'കേരളത്തിനായി ജി. ഐ. എസ്. അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം' (GIS Based Housing Status Information System for Kerala) എന്ന പദ്ധതിയുടെ ഭാഗമായി ജി. ഐ. എസ്. വെബ് പ്ലാറ്റ്ഫോമിന്റെ വികസനം, ഡാറ്റാ ശേഖരണം, പരിശീലന പരിപാടികൾ, പരസ്യം, ജി.ഐ.എസ്. സോഫ്റ്റ് വെയർ വിപുലീകരണവും അനുബന്ധ ഭരണചെലവുകളും എന്നീ പ്രവൃത്തികൾക്കായി 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2216-80-001-93 എന്ന ശീർഷകത്തിൽ ₹40,00,000/- വകയിരുത്തിയിട്ടുണ്ട്.

2. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ച് 2025-26 സാമ്പത്തിക വർഷത്തെ 'കേരളത്തിനായി ജി. ഐ. എസ്. അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം ഹൗസിംഗ് കമ്മീഷണർ പ്രൊപ്പോസൽ ലഭ്യമാക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി.

| ക്രമ നം. | ഘടകങ്ങൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | Rent of e-Vehicle, Driver Salary | 7,30,245 |
| 2 | Committed Expenditure, Amount Payable to KELTRON | 20,69,755 |
| 3 | Development of Web GIS application to integrate with e-Griha portal which was already developed. The already surveyed spatial data and the KSHB properties and project sites can be uploaded in the | 12,00,000 |

| | | |
|---|---|---|
| | portal | |
| | ആകെ | 40,00,000/- |

3. പ്രസ്തുത പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും സംസ്ഥാനത്തെ സർക്കാർ കെട്ടിടങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തി അവയെ പോർട്ടലിൽ മാപ്പ് ചെയ്യുന്നതിനായി ഭവനനിർമ്മാണ(സാങ്കേതിക സെൽ)-ന്റെ 'കേരളത്തിനായി ജി. ഐ. എസ്. അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം' എന്ന പദ്ധതി നടപ്പാക്കുന്നതിന് 40,00,000/- രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നൽകുവാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചു.

4. മേൽ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ഭവനനിർമ്മാണ(സാങ്കേതിക സെൽ)-ന്റെ 'കേരളത്തിനായി ജി. ഐ. എസ്. അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം' എന്ന പദ്ധതി മേൽ ഘടകങ്ങളോടെ നടപ്പാക്കുന്നതിന് നിലവിലുള്ള പൊതു വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 40,00,000/- രൂപയിൽ (നാൽപതു ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ 2216-80-001-93 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

i. പദ്ധതി നിർവഹണ ഏജൻസി ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയമായിരിക്കും.
ii. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്റ്റ് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
iii. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.
iv. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
v. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
vi. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ അധികരിക്കുവാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.
vii. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
viii. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.
ix. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും
x. ഈ പദ്ധതിയുടെ ഭാഗമായി സമർപ്പിത ശുപാർശ പ്രകാരം കെട്ടിടങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തി അവയെ പോർട്ടലിൽ മാപ്പ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്,
ഐ& പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date: 15-07-2025 11:28:52

സെക്ഷൻ ഓഫീസർ